(ബി) ഈ ജില്ലയിലെ നാല് താലൂക്കുകളിലും ട്യൂഷൻ ഫീസ് നിരക്ക് ഏകീകൃതമാണോ ;

(സി) വ്യത്യസ്ത നിരക്കുകളാണെങ്കിൽ അതേതാണെന്ന് അറിയിക്കുമോ ;

(ഡി) നെയ്യാറ്റിൻകര താലൂക്കിൽ നൽകിവരുന്ന ട്യൂഷൻ ഫീസ് പൊതുവേ വളരെ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രിക്ക് പ്രതിവർഷം 800 രൂപയും ഡിഗ്രിക്ക് പ്രതിവർഷം 1000 രൂപയുമാണ് പ്രൈവറ്റായി പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ് നിരക്ക്.

(ബി) അതെ.

(സി-ഇ) അതാത് സ്ഥാപനങ്ങൾ ഈടാക്കുന്ന നിരക്കിലാണ് ട്യൂഷൻ ഫീസ് നൽകിവരുന്നത്. ഒരേ കോഴ്സിന് തന്നെ വിവിധ നിരക്കിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലുള്ള അപാകത കണക്കിലെടുത്ത് 13-12-1999 ലെ സർക്കാർ ഉത്തരവ് (കൈ) നം. 110/99 പജ.പവ.വിവ പ്രകാരം പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന ഫീസ് നിരക്കുകൾ ഏകീകരിച്ച് ഉത്തരവായിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ പദ്ധതി

17 (2567) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഇനത്തിൽ എത്ര തുക ഇതിനകം ചെലവാക്കിയിട്ടുണ്ട് ;

(സി) ഈ സഹായം നൽകുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഏതെല്ലാം രോഗങ്ങൾക്കാണ് ഇപ്പോൾ ചികിത്സാ സഹായം നല്കുന്നത് ;

(ഇ) പട്ടികജാതി കോളനികളിൽ ഈ ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അറിയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുവരെ 2356 പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 1,07,71,000 രൂപ ഈ ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.

(സി) 25,000 രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതിക്കാർക്ക് ചികിത്സാ ചെലവിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നത്.

(ഡി) ക്യാൻസർ തുടങ്ങി ദീർഘകാല ചികിത്സ വേണ്ട രോഗങ്ങൾ, ചെലവുകൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവയ്ക്കും ഈ പദ്ധതിപ്രകാരം ചികിത്സാ സഹായം നൽകുന്നു.

(ഇ&എഫ്) പട്ടികജാതി വികസന വകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘു ലേഖകൾ വഴിയും ബോധവൽക്കരണ സെമിനാറുകൾ വഴിയും ഇക്കാര്യത്തിൽ പൊതുജനങ്ങളുടെയിടയ്ക്ക് വേണ്ട പ്രചരണം നൽകുന്നുണ്ട്.

നായാടി ജന വിഭാഗത്തെ സംബന്ധിച്ച പഠനം

18 (2568) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നായാടി ജനവിഭാഗം പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിൽ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനമെന്ന് വെളിപ്പെടുത്തുമോ ;

(ബി) സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു വിട്ടുനിൽക്കുന്ന നായാടി ജനവിഭാഗത്തിൽ താല്പര്യമുള്ളവർക്ക് വിദ്യാഭ്യാസം നൽകുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നായാടി ജനസമൂഹത്തിൽ വിദ്യാസമ്പന്നർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1981-ലെ കാനേഷുമാരി കണക്കനുസരിച്ച് നായാടികൾ കേരളത്തിലെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 0.11 ശതമാനം ആണ്. 1991-ലെ കാനേഷുമാരി അനുസരിച്ചുള്ള കണക്ക് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly